# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3336 — 25.06.2012-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. ആർ. രാജേഷ്

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### 2011-12-ലെ അധിക വിഭവ ശേഖരണം

| | | |
|---|---|---|
| (എ) | 2011-12-ലെ അധിക വിഭവ ശേഖരണം വഴി ജനങ്ങളിൽ നിന്നും ശേഖരിക്കാൻ തീരുമാനിച്ച തുക എത്രയായിരുന്നു; | അധിക വിഭവ ശേഖരണം വഴി 2011-12 സാമ്പത്തിക വർഷം സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത് 616 കോടി രൂപയാണ്. |
| (ബി) | ഓരോ ഇനത്തിലും ലക്ഷ്യമിട്ടിരുന്ന അധികവരുമാനം എത്രയായിരുന്നു; വർഷാവസാന കണക്കുകൾ പ്രകാരം യഥാർത്ഥത്തിൽ ഉണ്ടായ വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | 2011-12 സാമ്പത്തികവർഷം ഓരോ ഇനത്തിലും ലക്ഷ്യമിട്ടിരുന്ന അധികവരുമാനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2011-12-ൽ ലഭിച്ച ആകെ റവന്യൂ വരുമാനം( അധിക വിഭവമായി സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്ന തുക ഉൾപ്പെടെ ) 37221.58 കോടി രൂപയാണ്. ഇതിൽ അധിക വിഭവസമാഹരണം വഴി ലഭ്യമായ തുകയുടെ കണക്കുകൾ തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. |
| (സി) | ഈ സാമ്പത്തിക വർഷം അധികവിഭവസമാഹരണ ലക്ഷ്യം എത്ര കോടിയാണ്; ഇനംതിരിച്ച് വ്യക്തമാക്കാമോ; 2012 മെയ് 31-നകം എത്ര കോടി രൂപ സമാഹരിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ? | 2012-13 സാമ്പത്തികവർഷം ഓരോ ഇനത്തിലും ലക്ഷ്യമിട്ടിരിക്കുന്ന അധികവരുമാനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു. അധിക വിഭവ സമാഹരണം വഴി ലഭ്യമായ തുകയുടെ കണക്കുകൾ ലഭ്യമായിട്ടില്ല. |

T.K. Suresh (signature)
സെക്ഷൻ ഓഫീസർ

# അനുബന്ധം

## ബഡ്ജറ്റ് എസ്റ്റിമേറ്റ് 2011-12

(തുക കോടിയിൽ)

| | | ലക്ഷ്യമിട്ട അധിക വരുമാനം |
|---|---|---|
| 1 | 4000 ചതുരശ്ര അടിയോ അതിൽ കൂടുതലോ തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് ബിൽഡിംഗ് ടാക്സിനു പുറമേ 2% സെസ്സ് ഏർപ്പെടുത്തൽ | 5.00 |
| 2 | ചവയ്ക്കുന്ന പുകയില ഉൽപന്നങ്ങളുടെ മേലുള്ള നികുതി നിരക്ക് 20 ശതമാനമാക്കി ഉയർത്തൽ | 5.00 |
| 3 | വിദേശമദ്യത്തിൻെറ ആദ്യ വിൽപനയിന്മേൽ നിലവിലുള്ള ഒരു ശതമാനം സാമൂഹ്യ സുരക്ഷാ സെസ്സ് 6 ശതമാനമായി ഉയർത്തൽ | 135.00 |
| 4 | ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിൻെറ സർചാർജ്ജ് മുൻ നിരക്കായ 10 ശതമാനമായി പുനഃസ്ഥാപിക്കൽ | 192.00 |
| 5 | ഒരു നിയമലംഘനത്തിന് ഒരു സാമ്പത്തിക വർഷം വസൂലാക്കുന്ന കോമ്പൗണ്ടിംഗ് തുകയുടെ പരിധി 4 ലക്ഷം രൂപയിൽ നിന്നും 8 ലക്ഷം രൂപയായി ഉയർത്തൽ. | 1.00 |
| 6 | സ്വർണ്ണ വ്യാപാരികളിൽ നിന്നുള്ള കോമ്പൗണ്ടിംഗ് നികുതി നിരക്ക് വിറ്റുവരവുമായി ബന്ധപ്പെടുത്തിയതിനാൽ സ്റ്റോക്ക് ഇരട്ടിയാവുകയാണെങ്കിൽ അവർക്ക് നൽകിയ കോമ്പൗണ്ടിംഗ് അനുമതി പിൻവലിക്കുമെന്ന വ്യവസ്ഥ ഉപേക്ഷിക്കൽ | 15.00 |
| 7 | ആഴ്ചയിൽ എല്ലാ ദിവസവും സംസ്ഥാന ഭാഗ്യക്കുറി ആരംഭിക്കൽ . | 263.00 |
| | ആകെ | **616.00** |

## ബഡ്ജറ്റ് എസ്റ്റിമേറ്റ് 2012-13

(തുക കോടിയിൽ)

| | | ലക്ഷ്യമിട്ട അധിക വരുമാനം |
|---|---|---|
| 1 | സ്വകാര്യ മോട്ടോർ കാറുകളുടേയും പ്രൈവറ്റ് സർവ്വീസ് വാഹനങ്ങളുടേയും റോഡ് ടാക്സ് വാങ്ങൽവിലയുടെ അടിസ്ഥാനത്തിൽ പരിഷ്ക്കരിക്കൽ | 115.00 |
| 2 | വാറ്റിലെ പൊതുനിരക്കുകൾ ചില ഉത്പന്നങ്ങൾക്ക് 1ശതമാനം കൂടി വർദ്ധിപ്പിക്കൽ | 1000.00 |
| 3 | ബീഡി ഒഴികെ സിഗററ്റിൻെറയും സമാന ഉൽപ്പന്നങ്ങളുടേയും നികുതി നിരക്ക് 12.5 ശതമാനത്തിൽ നിന്ന് 15 ശതമാനമായും മറ്റു പുകയില ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് 20ൽ നിന്നും 22.5 ശതമാനമാക്കി ഉയർത്തൽ | 76.00 |
| 4 | വിദേശമദ്യത്തിൻെറ നികുതിയൻമേൽ നിലവിലുള്ള 6 ശതമാനം സാമൂഹ്യ സുരക്ഷാ സെസ്സ് 10 ശതമാനമാക്കി ഉയർത്തൽ | 90.00 |
| 5 | നിലവിലുള്ള ഭൂനികുതി നിരക്കുകൾ ഇരട്ടിയാക്കൽ | 50.00 |
| 6 | കുടുംബാംഗങ്ങളുടെ പേരിലല്ലാതെ സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കായി ചമയ്ക്കുന്ന മുക്ത്യാറുകൾക്ക് അതിൻെറ സ്റ്റാമ്പ് ഡ്യൂട്ടിയുടെ 2 ശതമാനം രജിസ്ട്രേഷൻ ഫീസ് ഈടാക്കൽ, ഇൻഡ്യൻ പാർട്ണർഷിപ്പ് നിയമപ്രകാരമുള്ള രജിസ്ട്രേഷൻഫീസും മറ്റെല്ലാ ഫീസുകളും വർദ്ധിപ്പിക്കൽ, സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകളുടെ പരിഷ്ക്കരണം, പ്ലാസ്റ്റിക്ക് ബാഗുകളുടെ നികുതി നിരക്ക് 12.5 ൽ നിന്നും 20 ശതമാനമായി ഉയർത്തൽ, ക്രഷറുകളുടെ വായ വിസ്താരത്തിൻെറ അടിസ്ഥാനത്തിൽ നികുതി നിരക്കുകൾ ഉയർത്തൽ മുതലായവ | 181.05 |
| | ആകെ | **1512.05** |

[signature]